പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 950** 11/07/2016 ൽ മറുപടിയ്ക്ക്

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം. എം. മണി** | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>(റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ചതും എന്നാൽ ധനസഹായം ലഭിക്കാതെ വന്നവരുമായ എത്ര അപേക്ഷകർ ഇടുക്കി ജില്ലയിൽ ഉണ്ട് ; ഇവർക്ക് ആകെ എത്ര തുക കൊടുത്ത് തീർക്കാനുണ്ട് ; | (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ധനസഹായം അനുവദിച്ച് ഉത്തരവായ 28 പേർക്ക് 5,56,500/- രൂപ ഇനി വിതരണം ചെയ്യുവാനുണ്ട്. |
| (ബി) 2015 നവംബർ മാസം മുതൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഇടുക്കി ജില്ലയിലെ അപേക്ഷകർക്ക് ധനസഹായം അനുവദിച്ച് റവന്യൂ വകുപ്പിൽ നിന്നും ഇറക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ; | (ബി) വളരെയധികം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതിനാൽ അവയുടെ പകർപ്പുകൾ ലഭ്യമാക്കുക എന്നത് പ്രായോഗികമല്ല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവായതിന്റെ പകർപ്പുകൾ കേരള സർക്കാരിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്. |
| (സി) അപേക്ഷകർക്ക് ധനസഹായം അടിയന്തരമായി വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ? | (സി) നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ